# MY LORD, MY GOD

*Bulletin Irinjalakuda Diocese*

*P.B. No. 59, Irinjalakuda-680121*

*Phone : 2826830, 2826820*

*Website : www.irinjalakudadiocese.com*

*Book : 32 Volume : 6*

*June 2011*


## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 ഇടയലേഖനം ........ 08
4 ചെന്നൈ മിഷൻ ........ 11
5 ബൈബിൾ ഞായർ - സർക്കുലർ ........ 12
6 മതബോധനം ........ 16
7 സെന്റ് പോൾസ് മൈനർ സെമിനാരി ........ 20
8 സാൻജോ സദൻ ........ 21
9 ബ്ലെസ് എ ഹോം ........ 23
10 സഭാവാർത്തകൾ ........ 25
11 2011-13 പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ........ 26
12 പാസ്റ്ററൽ കൗൺസിൽ സമ്മേളനം ........ 28
13 സോഷ്യൽ ആക്ഷൻ ........ 29
**13 സംഘടനാവാർത്തകൾ**
ബി.എൽ.എം. ധ്യാനകേന്ദ്രം ........ 30
സി.എൽ.സി. ........ 30
സ്പിരിച്വാലിറ്റി സെന്റർ ........ 31
ഫാമിലി അപ്പസ്തോലേറ്റ് ........ 32
ജീസസ് യൂത്ത് ........ 33
നവചൈതന്യ ........ 33
സി.എൽ.എ. ........ 34
പാക്സ് ........ 34
അവാർഡ് ........ 35
കരിസ്മാറ്റിക് മൂവ്മെന്റ് ........ 36
ബൈബിൾ അപ്പസ്തോലേറ്റ് ........ 37
14 ഇടയന്റെ നാളെകൾ ........ 38
15 ഇടയന്റെ ഇന്നലെകൾ ........ 39
16 പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടർച്ച ........ 42

# ഇടയശബ്ദം



*പ്രിയ സഹോദരവൈദികരേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരേ,*

പത്തുവർഷം മുൻപ് പുനർപ്രസിദ്ധീകരിച്ച നമ്മുടെ രൂപത നിയമാവലിയിൽ നിർദ്ദേശിച്ചിരുന്നതും നമ്മുടെ സഭയുടെ വൈദിക പരിശീലന മാർഗ്ഗരേഖയിൽ ആവശ്യപ്പെടുന്നതുമായ Fouth Year Minor Seminary Course ഈ അധ്യയനവർഷത്തിൽ ആരംഭിക്കുകയാണ്. കുറച്ചുകാലം കല്യാൺ രൂപതയുടെ മൈനർ സെമിനാരിയായിരുന്ന ബി.എൽ.എം. ലെ കെട്ടിടമാണ് താൽക്കാലിക പരിശീലന കേന്ദ്രമായി ഉപയോഗിക്കുന്നത്. ഈ വർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കിയ 14 പേരാണ് ആദ്യബാച്ചിലുള്ളവർ. കൂടാതെ 4 പേർ ഡിഗ്രി കോഴ്സിന് ചേരുന്നവരും ഉണ്ട്. പുതിയതായി Fouth Year Minor Seminary Course ആരംഭിക്കുമ്പോൾ എല്ലാവരുടെയും നിരന്തരമായ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. നാലാം വർഷം മൈനർ സെമിനാരി പരിശീലനം ലക്ഷ്യം വയ്ക്കുന്ന പ്രധാന മേഖലകൾ താഴെ പറയുന്നവയാണ്.

1. പൗരോഹിത്യത്തിലേയ്ക്കുള്ള തങ്ങളുടെ വിളിയിൽ അടിയുറച്ച ബോധ്യത്തിലേയ്ക്കെത്തുക.
2 ക്രിസ്തുവുമായി വ്യക്തിപരമായി താദാത്മ്യപ്പെടുവാൻ കൂടുതൽ പരിശ്രമം കാഴ്ചവയ്ക്കുക.
3 വചനം പ്രാർത്ഥനാപൂർവ്വം വായിക്കുവാനും ധ്യാനിക്കുവാനും പരിശീലിക്കുക.
4 മാനസിക പക്വത പ്രാപിക്കുവാൻ ആവശ്യമായ പരിശീലനം നേടുക.
5 ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ കൂടുതൽ പ്രാവീണ്യം നേടുക.
6 തങ്ങൾക്കുള്ള കഴിവുകൾ നിരീക്ഷിച്ചറിഞ്ഞ് അവ വളർത്തുവാൻ ശ്രമിക്കുക.
7 അജപാലന ഔത്സുക്യം വളർത്തുവാൻ ഉതകുന്ന വിധത്തിൽ അവരെ ഒരുക്കുക.

ആദിമ ക്രൈസ്തവസഭാസമൂഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് പ്രബോധനം, അപ്പം മുറിക്കൽ, കൂട്ടായ്മ, പ്രാർത്ഥന എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പരിശീലന രീതിയാണ് കൈകൊള്ളുന്നത്. ഈശോയുടെ തിരുഹൃദയത്തണലിൽ ഒരു ഭവനത്തിലെ അംഗങ്ങളെപ്പോലെ സാഹോദര്യത്തിലും കൂട്ടുത്തരവാദിത്വത്തിലും മുന്നേറുവാൻ ദൈവം അവരെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പരിശീലനത്തിന് നേതൃത്വം നൽകുന്ന റെക്ടർ, ആദ്ധ്യാത്മിക പിതാവ്, മറ്റു ടീം അംഗങ്ങൾ തുടങ്ങി എല്ലാവർക്കും ദൈവത്തിന്റെ കൃപ നേരുന്നു.

ഇരിങ്ങാലക്കുട
28. 05. 2011

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



നവവൈദികൻ

**ഫാ. ജിയോ കൈതാരത്തിന്**

വൈദികകൂട്ടായ്മയിലേയ്ക്ക്

സ്വാഗതം...!

# കച്ചേരിക്കാര്യങ്ങൾ

1. **Transfer and Appointment of Priests (April-May)**

1. **V. Rev. Fr. Stephen Chirapanath -** Appointed Procurator of Major Archbishop at the Apostolic see, with effect from 01. 4. 2011.
2. **Rev. Fr. Joseph Mandakath** - Appointed Assistant Vicar Pro Tempore St. Joseph's Church, Aloor. w.e.f. 13.3.2011.
3. **Rev. Fr. Davis Kalapurackal -** Relieved Acting Vicar and Chaplain, Vynthala w.e.f. 16.3.2011.
4. **Rev. Fr. Jaison Karipai** - Appointed Acting Vicar, and Chaplain, Vynthala w.e.f. 16.3.2011.
5. **Rev. Fr. Davis Kizhakumthala -** Relieved Vicar and Chaplain, Kanakamala w.e.f. 2.5.2011.
6. **Rev. Fr. Nixon Chakorya -** Appointed Vicar, and Chaplain, Kanakamala w.e.f. 2.5.2011.
7. **Rev. Fr. Jojo Kuttikadan -** Appointed Vicar, and Chaplain, Vynthala w.e.f. 25.4.2011.
8. **Rev. Fr. Jaison Karipai** - Relieved Acting, Vicar and Chaplain, Vynthala w.e.f. 25.4.2011.
9. **Rev. Fr. Jojo Kuttikadan -** Appointed Spiritual Father of Fourth Year Minor Seminarians w.e.f. 2.5.2011.
10. **Rev. Fr. Joseph Mandakath** - Relieved Asst. Vicar, and appointed, Assistant Vicar, St. Mary's F. Church Chalakudy, w.e.f. 25.4.2011.
11. **Rev. Fr. Pauly Pudussery -** Appointed Acting Vicar, and Chaplain, Moonumuri w.e.f. 25.4.2011.
12. **Rev. Fr. Suresh Pudussery -** Relieved from all the offices and granted leave for three years to serve in the Diocese of WÜrzburg, Germany.
13. **Rev. Fr. Jijo Vakaparambil -** Appointed Chaplain, St. Joseph's Convent, St. Mary's Convent and Mariam Thresia Hospital w.e.f. 17.5.2011.

14. **Rev. Fr. Pauly Pudussery -** Relieved from the office of Acting Vicar and Chaplain, Moonumuri w.e.f. 23.5.2011.
15. **Rev. Fr. Jose Ambooken -** Appointed Acting Vicar and Chaplain, Moonumuri w.e.f. 23.5.2011
16. **Rev. Fr. John Joseph Kollannur CMI -** Relieved Vicar, St. Theresa's Quasi Parish, Kottackal.w.e.f. 22.5.2011
17. **Rev. Fr. Antony Paramban CMI -** Relieved Vicar, S.H. Church Snehagiri and appointed Vicar, St.Theresa's Quasi Parish, Kottackal.w.e.f. 22.5.2011
18. **Rev. Fr. Jose Eduthan CMI -** Relieved Vicar, St. Xavier's Church, Pullur w.e.f. 22.5.2011
19. **Rev. Fr. Jose Chittilappilly CMI -** Appointed Vicar, St. Xavier's Church, Pullur w.e.f. 22.5.2011
20. **Rev. Fr. Shaju Valiyaparambil CMI -** Appointed Vicar, S.H. Church Snehagiri w.e.f. 22.5.2011
21. **Rev. Fr. Antony Thaliyaparambil CMI -**Relieved Vicar, Karmala Matha Church, Kormala, w.e.f. 22.5.2011
22. **Rev. Fr. John Paul Kollannur CMI -** Appointed Vicar, Karmala Matha Church, Kormala, w.e.f. 22.5.2011
23. **Rev. Fr. Paul Blaize Kadicheeni CMI -** Relieved Chaplain, Clarian FCC Convent, Thiruhrdayaram Convent and Santhi Nivas CMC Convent, Chalakudy, w.e.f. 22.5.2011
24. **Rev. Fr. George Pious Ukken CMI -**Appointed Chaplain, Clarian FCC Convent, Thiruhrdayaram FCC Convent and Santhi Nivas CMC Convent, Chalakudy, w.e.f. 22.5.2011

**2. 4th Year ഫോർമേഷൻ**

മൈനർ സെമിനാരി പഠനം വിജയകരമായി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളുടെ 4th Year ഫോർമേഷൻ ജൂൺ 1-ന് ആരംഭിക്കുന്നു.

**3. സെമിനാരി പ്രവേശനം - ജൂൺ 2 വ്യാഴം**

ഈ വർഷം സെന്റ് പോൾ മൈനർ സെമിനാരിയിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 20 വൈദിക വിദ്യാർത്ഥികൾ ഈ ദിവസം സെമിനാരിയിൽ പ്രവേശിക്കുന്നു.

**4 വൈദികരുടെ വാർഷികധ്യാനം**

ജൂൺ 13 തിങ്കൾ 10.00 a.m. - 17 വെള്ളി 1.00 p.m (1-ാം ഗണം)
ജൂൺ 20 തിങ്കൾ 10.00 a.m. - 24 വെള്ളി 1.00 p.m (2-ാം ഗണം)
ജൂലൈ 4 തിങ്കൾ 10.00 a.m. - 8 വെള്ളി 1.00 p.m (3-ാം ഗണം)
ധ്യാനഗുരു : പെ. ബഹു. ഡോ. ഡേവിഡ് പേരാമംഗലത്ത് OFM Cap. ബഹു. അച്ചന്മാർ ധ്യാനത്തിനു വരുമ്പോൾ കുർബ്ബാന കണക്ക്, കുമ്പസാര പത്തേന്തി തുടങ്ങിയവ കൊണ്ടുവരണം. ധ്യാനത്തിൽ ബഹു. അച്ചന്മാർ ആദ്യന്തം പങ്കുകൊള്ളണം. ഇടവകയിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യകമായ ക്രമീകരണങ്ങൾ നടത്തുമല്ലോ.

**5 വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ തിരുനാൾ**

ജൂൺ 8 ബുധൻ

**6. പാദുവായിലെ വി. അന്തോണീസ്**

ജൂൺ 13 തിങ്കൾ

**7. തിരുഹൃദയത്തിരുനാൾ**

ജൂലൈ 1 വെള്ളി. അന്നേദിവസം വൈകീട്ട് 8 മണിക്ക് നമ്മുടെ എല്ലാ പള്ളികളിലും കൂട്ടമണി അടിക്കുകയും, ആ സമയം എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നടത്തുകയും വേണം.

**8. പരി. ത്രിത്വത്തിന്റെ തിരുന്നാൾ**

ജൂൺ 19

**9 ഉപവാസപ്രാർത്ഥനാദിനം-ജൂൺ 26 ഞായർ**

രൂപതയുടെ ആദ്ധ്യാത്മിക കേന്ദ്രമായ സ്പിരിചാലിറ്റി സെന്ററിൽ അന്നേദിവസം നടത്തപ്പെടുന്ന പ്രാർത്ഥനാശുശ്രൂഷയിലും വി. കുർബാനയിലും എല്ലാ ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ളവർ പങ്കുകൊള്ളണം.

**10. ബൈബിൾ ഞായർ - ജൂൺ 19**

ജൂൺ 13 മുതൽ 19 വരെ ബൈബിൾ വാരാചരണം. ബൈബിൾ ഞായർ 2011 സർക്കുലർ ജൂൺ 12-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടത് പേജ് 12-15 കാണുക. തിരുവചന സന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കുന്നതിനും ബൈബിൾ പ്രചരിപ്പിക്കുന്നതിനും യുക്തമായ പരിപാടികൾ ഇടവകയിൽ നടപ്പാക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്ന് പ്രത്യേകം പിരിവെടുത്ത് രൂപതാ പ്രൊക്കുറേറ്ററെ

ഏൽപ്പിക്കേണ്ടതാണ്.

**11. പരി. കുർബാനയുടെ തിരുന്നാൾ**

ജൂൺ 23

**12. പത്രോസിന്റെ കാശ്**

ജൂൺ 26 ഞായറാഴ്ച പ്രത്യേക പിരിവെടുത്ത് രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**13. വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ**

ജൂൺ 29 ബുധൻ. നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ നാമഹേതുക തിരുനാളായ അന്നേ ദിവസം കാലത്ത് 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ രൂപത വൈദികസമ്മേളനം. എല്ലാ അച്ചന്മാരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

**14. മാസധ്യാനം**

വൈദികരുടെ മാസധ്യാനങ്ങളിൽ എല്ലാ വൈദികരും മുടക്കം കൂടാതെ പങ്കെടുക്കാൻ ശ്രദ്ധിക്കണം രൂപതയുടെ പല കാര്യങ്ങളും അന്നേദിവസം ചർച്ച ചെയ്യാറുണ്ടല്ലോ. ഇടവകയുടെ സുഗമമായ പ്രവർത്തനത്തിന് അത് വളരേയേറെ സഹായകരമായിരിക്കും. വാർഷികധ്യാനമായതു കൊണ്ട് ജൂണിൽ മാസധ്യാനം ഇല്ല.

**15. ദുക്റാന, സീറോ മലബാർ സഭാദിനം - ജൂലൈ 3 ഞായർ**

കടമുള്ള ദിവസം, ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിച്ച നമ്മുടെ പിതാവായ വി. തോമാശ്ലീഹായെ നമുക്ക് അനുസ്മരിക്കാം. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾക്കായി വർഷംതോറും ആളൊന്നിന് ഒരു രൂപ വീതം പിരിവെടുത്ത് രൂപതാ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**16.** ഇടവകകളിൽ പ്രത്യേകാവശ്യങ്ങൾക്കായി നടത്തുന്ന പിരിവുകളുടെ വരവു ചെലവു കണക്കുകൾ അതാതവസരങ്ങളിൽ ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

**17** വാർഷിക റിപ്പോർട്ട് ഏല്പിച്ചിട്ടില്ലാത്ത പള്ളികൾ എത്രയും വേഗം അവ രൂപതാ കാര്യാലയത്തിൽ നൽകേണ്ടതാണ്.

ഇരിങ്ങാലക്കുട — **ഫാ. വിൻസന്റ് ആലപ്പാട്ട്**

24. 05. 2011 — വികാരി ജനറാൾ.

516/11
26. 05. 11

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ. രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

**യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീസന്യാസികളേ, പ്രിയ മക്കളേ,**

വിശ്വാസനിക്ഷേപം കാത്തു സൂക്ഷിക്കുക എന്നതാണ് കർത്താവ് തന്റെ സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം. സഭ ഈ ദൗത്യം എക്കാലവും നിർവ്വഹിക്കുന്നു. ഇതിന്റെ ഭാഗമായി ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ സത്യവിശ്വാസവും തിരുവചനസത്യങ്ങളും സഭാപ്രബോധനങ്ങളും നമ്മുടെ വിശ്വാസപരിശീലനംവഴി അഭംഗുരം കാത്തു സൂക്ഷിക്കുന്നു.

നമ്മുടെ ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഔദ്യോഗികമായി ജൂൺ 5-ാം തിയ്യതി ആരംഭിക്കുകയാണല്ലോ. രൂപത ഈ വർഷം കുടുംബകൂട്ടായ്മ വർഷമായി ആചരിക്കുമ്പോൾ നമ്മുടെ മതബോധനത്തിന്റെ ആപ്തവാക്യമായി നാം സ്വീകരിക്കുന്നത് "ഗുരുദർശനം ക്രിസ്തീയ കൂട്ടായ്മയിലൂടെ" എന്നതാണ്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്താ. 18/20) എന്ന ഈശോയുടെ വാക്കുകൾ ഈ ആപ്തവാക്യത്തെ കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നു. ക്രിസ്തീയ വിശ്വാസം കൂട്ടായ്മയിലാണ് നിലനിൽക്കുന്നത്. വിശ്വാസത്തിന്റെ അടിസ്ഥാന സ്തംഭങ്ങളെല്ലാം അതിന്റെ സ്വഭാവത്താൽ തന്നെ കൂട്ടായ്മയുടെ സന്ദേശം പങ്കുവയ്ക്കുന്നു.

**ത്രിത്വൈക കൂട്ടായ്മ**

വിശ്വാസത്തിന്റെ ഉറവിടവും ആധാരവുമായ പരി. ത്രിത്വം, പിതാവായ ദൈവത്തിന്റെയും പുത്രനായ ദൈവത്തിന്റെയും പരിശുദ്ധാത്മാവായ ദൈവത്തിന്റെയും കൂട്ടായ്മയാണ്. പരി. ത്രിത്വത്തെക്കുറിച്ചുള്ള കത്തോലിക്കാ വിശ്വാസത്തെ, ത്രിത്വൈക കൂട്ടായ്മയെ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വി. അത്തനേഷ്യസിന്റെ വാക്കുകളിലൂടെ ഇപ്രകാരം വിശദമാക്കുന്നു. "ഏകദൈവത്തെ ത്രിത്വത്തിലും,

ത്രിത്വത്തെ ഏകത്വത്തിലും – വ്യക്തികളെ തമ്മിൽ കൂട്ടിക്കലർത്താതെ, ഏകസത്തയെ വിഭജിക്കാതെ നാം ആരാധിക്കുന്നു. കാരണം പിതാവിന്റെ വ്യക്തിത്വം ഒന്ന്, പുത്രന്റെ വ്യക്തിത്വം മറ്റൊന്ന്, പരിശുദ്ധാത്മാവിന്റേത് വേറൊന്ന്. എങ്കിലും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം ഏകമാണ്. അവരുടെ മഹത്വം സമമാണ്. അവരുടെ പ്രാഭവം തുല്യമായി നിത്യമാണ് CCC. 266.

**തിരുസഭ കൂട്ടായ്മ**

ഒരു ക്രിസ്ത്യാനി ഏകനല്ല. കാരണം കാലത്തിനും സമയത്തിനും സ്ഥലത്തിനും അതീതനായ ഒരു ഇടയന്റെ കീഴിൽ സഭാമക്കൾ ഒന്നുചേരുന്നു. അവന്റെ മുമ്പിൽ സഹന, സമര, വിജയ സഭാംഗങ്ങളെല്ലാം ഒരാട്ടിൻ പറ്റം തന്നെ. ഭൂമിയിൽ ജീവിക്കുമ്പോഴും അനശ്വരതയിലേക്ക് പ്രത്യാശാപൂർവ്വം മിഴിയൂന്നി നിൽക്കുന്നവനാണ് ഓരോ വിശ്വാസിയും. നശ്വരതയുടെ ഈ ലോകം കടന്നുപോയവരുമായി വിശ്വാസത്തിന്റെ ഇട മുറിയാത്ത ഒരാത്മബന്ധം കാത്തു സൂക്ഷിക്കുന്നു. അതാണല്ലോ നാം വിശ്വസിച്ച് ഏറ്റുപറയുന്ന പുണ്യവാന്മാരുടെ ഐക്യം. കർത്താവ് തന്റെ സർവ്വ മാലാഖമാരോടും കൂടെ മഹത്വത്തിൽ വരുമ്പോൾ മരണത്തെ നശിപ്പിച്ച് കീഴ്പ്പെടുത്തുകയും എല്ലാം അവിടത്തേയ്ക്ക് വിധേയമാക്കുകയും ചെയ്യും. എന്നാൽ ഇപ്പോൾ അവിടത്തെ ശിഷ്യരിൽ ചിലർ ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്നു. മറ്റു ചിലർ മരിച്ച് ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മറ്റുള്ളവരാകട്ടെ ത്രിത്വൈക ദൈവത്തെ അവിടന്ന് ആയിരിക്കുന്നതുപോലെ സ്പഷ്ടമായി ദർശിച്ചുകൊണ്ട് മഹത്വീകരിക്കുന്നു CCC. 954.

അപ്പസ്തോലന്മാരുടെ വിശ്വസ്ത ക്രിസ്താനുഭവത്തിലൂടെ വിവിധങ്ങളായ സ്ഥലങ്ങളിലും സംസ്കാരങ്ങളിലും ജന്മം എടുത്ത വ്യക്തിസഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാതിരുസഭ. വി. പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നതുപോലെ ശിരസ്സായ ക്രിസ്തുവിനോട് ചേർന്ന് തിരുസഭാഗാത്രത്തിന്റെ അവയവങ്ങളായ നമ്മൾ ഏക ശരീരമായി നിലകൊള്ളുമ്പോൾ ദൈവരാജ്യം സംജാതമാകുന്നു. ക്രിസ്തുവിന്റെ മൗതികശരീരം പടുത്തുയർത്തുന്നതിൽ ഓരോരുത്തർക്കു വ്യക്തവും വ്യത്യസ്തവുമായ പങ്കുണ്ട്.

**കുടുംബകൂട്ടായ്മ**

കുടുംബത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ 'ഗാർഹികസഭ' എന്നാണ് വിശേഷിപ്പിക്കുക. സഭയുടെ ചെറുപതിപ്പാണ് ഓരോ

കുടുംബവും, മാതാപിതാക്കളും മക്കളും സഹോദരങ്ങളും സ്നേഹത്തിന്റെ കൂട്ടായ്മയിൽ, വിശ്വാസതീക്ഷ്ണയിലും ധാർമ്മിക മൂല്യങ്ങളിലും കൗദാശിക ജീവിതത്തിലും വളരുമ്പോൾ ക്രിസ്തുവിന്റെ മൗതിക ശരീരം പടുത്തുയർത്തുന്നതിൽ നാം ആത്മാർത്ഥതയുള്ള സഹകാരികളായി മാറും. കുടുംബങ്ങളുടെ കൂട്ടായ്മയാണല്ലോ ഇടവകസമൂഹം. ഇത്തരമൊരു സ്നേഹകൂട്ടായ്മ സംജാതമാകണമെന്നതായിരുന്നു യേശുനാഥന്റെ ഏറ്റവും വലിയ സ്വപ്നം. "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (യോഹ. 17:21). ആദിമ സഭ പിതാവിനോടുള്ള ക്രിസ്തുവിന്റെ ഈ പ്രാർത്ഥന യാഥാർത്ഥ്യമാക്കിയിരുന്നു എന്നത് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു. അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു (അപ്പ. 2:42).

ഉപഭോഗസംസ്ക്കാരത്തിന്റെ ഈ ലോകത്തിൽ "കൂടലുകളും കൂട്ടുചേരലുകളും" ക്രൂരതകളിലേക്കും വൈകൃതങ്ങളിലേക്കും വഴിതെളിക്കുമെന്ന് ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ 'ഗുരുദർശനം ക്രിസ്തീയ കൂട്ടായ്മയിലൂടെ' എന്നത് നമ്മുടെ മുമ്പിൽ വെല്ലുവിളി ഉയർത്തുന്നു. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കൂട്ടായ്മകൾ വിശുദ്ധമായിരിക്കണമെന്നും വിശുദ്ധിയിലേയ്ക്ക് നയിക്കണമെന്നും, അങ്ങനെ കൂട്ടായ്മയിൽ കുടികൊള്ളുന്ന നിത്യഗുരുവായ യേശുവിനെ ലോകത്തിന് കാണിച്ചുകൊടുക്കാൻ, വിശ്വാസ പരിശീലകർക്കും പരിശീലനം സ്വീരീകരിക്കുന്നവർക്കും കടമയുണ്ടെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഒരേ മേശയിൽനിന്ന് ഭക്ഷിക്കുകയും, ഒരേ പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്തുകൊണ്ട് കൗദാശിക കൂട്ടായ്മയിലൂടെയും പ്രാർത്ഥനാകൂട്ടായ്മയിലൂടെയും സുഹൃദ്ബന്ധങ്ങളിലൂടെയും നമ്മുടെ ഇടയിൽ വസിക്കുന്ന ജഗദ്ഗുരുവായ യേശുവിനെ ദർശിക്കുകയും മനുഷ്യസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്ന യഥാർത്ഥ ശിഷ്യരാകാൻ നമ്മുടെ വിശ്വാസ പരിശീലനം കാരണമാകട്ടെ. അനുഗ്രഹത്തിന്റെ അവധിക്കാലമായി 'ഗ്രെയ്സ് ഫെസ്റ്റ്' ഇടവക കൂട്ടായ്മയുടെ ശക്തമായ പ്രകടനമായിരുന്നു എന്ന് കരുതട്ടെ. വിദ്യാർത്ഥികളും അധ്യാപകരും മാതാപിതാക്കളും ഒന്നുചേർന്ന് ഇതിനെ ഒരു യഥാർത്ഥ ആഘോഷമാക്കി മാറ്റിയതിന് എല്ലാവർക്കും അഭിനന്ദനങ്ങൾ.

വികാരിയച്ചനോടൊപ്പം മതാധ്യാപകരും മാതാപിതാക്കളും കൂട്ടായ്മയിൽ വർത്തിക്കുമ്പോൾ പൂർവ്വികരിലൂടെ തലമുറകൾ കൈമാറി, കെടാതെ നമുക്ക് ലഭിച്ചിരിക്കുന്ന വിശ്വാസദീപം കൂടുതൽ ദീപ്തമാക്കാം. ഹൃദയപൂർവകമായ വിശ്വാസ പരിശീലനത്തിലൂടെ വരുംതലമുറയ്ക്ക് ഈ വിശ്വാസദീപം കൈമാറാം. ഇതിനായി അദ്ധ്വാനിക്കുന്ന എല്ലാവർക്കും പ്രത്യേകിച്ച് വികാരിയച്ചനും, അധ്യാപകർക്കും, മാതാപിതാക്കൾക്കും അഭിനന്ദനങ്ങളും നന്ദിയും അർപ്പിച്ചുകൊണ്ട്,

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

NB:- ഈ ഇടയലേഖനം ജൂൺ 5-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## ചെന്നൈ മിഷൻ വാർത്തകൾ

1 ***ശിലാസ്ഥാപനവും തിരുശേഷിപ്പ് പ്രതിഷ്ഠാകർമ്മവും***
ജൂൺ 19-ാം തിയ്യതി അയനാവരം പള്ളിയുടെ ശിലാസ്ഥാപന കർമ്മം അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് നിർവ്വഹിക്കുന്നു. പണിയാൻ പോകുന്ന പള്ളിയുടെ ആർക്കിടെക്ചൽ ഡ്രോയിങ്ങ് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് അനാച്ഛാദനം ചെയ്യുന്നു. തുടർന്ന് ഇറ്റലിയിലെ ഓർത്തോണയിൽനിന്നു കൊണ്ടുവന്ന മാർതോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തുന്നതാണ്.

2 **തിരുന്നാളുകൾ :** എരണാവൂർ ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസിന്റെ തിരുന്നാൾ ജൂൺ 12-ാം തിയ്യതി ഞായറാഴ്ച ആഘോഷിക്കുന്നു.

* ഗൗരീവക്കം സെന്റ് ആന്റണീസ് ഇടവക മധ്യസ്ഥന്റെ തിരുന്നാൾ ജൂൺ 19-ാം തിയ്യതി ഊട്ടുതിരുന്നാളായി ഹോളിഫാമിലി കോൺവെന്റ് അങ്കണത്തിൽവച്ച് ആഘോഷിക്കുന്നു.

* അയനാവരം സെന്റ് തോമസ് ഇടവകയിലെ തിരുന്നാൾ സ്ഥാപക ദിനമായ ജൂൺ 20-ന് ഊട്ടുതിരുന്നാളായി ആഘോഷിക്കുന്നു

* കീഴക്കട്ട്ലൈ തിരുഹൃദയ ഇടവകയുടെ തിരുന്നാൾ ജൂൺ 26-ന് സാഘോഷം കൊണ്ടാടുന്നു

* ആവടി സെന്റ് പീറ്റേഴ്സ് പള്ളിയുടെ തിരുന്നാൾ ജൂൺ 20-ന് നടത്തുന്നു.

**മോൺ. ജോസ് പാലാട്ടി,** കോ-ഓർഡിനേറ്റർ

# 2011 ജൂൺ 19 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയരേ,

അടുത്ത ഞായറാഴ്ച നമ്മൾ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി ഒരാഴ്ച ബൈബിൾവാരമായും ആചരിക്കുന്നു. പെന്തക്കുസ്താദിനം മുതലുള്ള ഒരാഴ്ച ബൈബിൾവാരമായി നമ്മൾ കൊണ്ടാടുന്നത് എത്രയോ അർത്ഥവത്താണ്!

ദൈവാത്മാവും ദൈവവചനവും തമ്മിലുള്ള ബന്ധം സൃഷ്ടിയുടെ ആരംഭം മുതൽ തുടങ്ങുന്നതാണ്. 'ഉണ്ടാകട്ടെ' എന്ന ദൈവവചനത്തിലൂടെയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്. അതിനു തൊട്ടുമുൻപ് ദൈവാത്മാവ് ജലത്തിനുമീതെ ചരിച്ചുകൊണ്ടിരുന്നതായി ഉത്പത്തിപ്പുസ്തകം സാക്ഷിക്കുന്നു (1:2). എസെക്കിയേൽ പ്രവാചകന്റെ അസ്ഥികളോടുള്ള പ്രവചനവും ഇതിനോടു ബന്ധപ്പെടുത്തി വായിക്കണം (37:1-10). ദൈവാത്മാവാണ് പ്രവാചകനെ അസ്ഥികളുടെ താഴ്വരയി ലേയ്ക്ക് നയിക്കുന്നത്. തുടർന്ന് കർത്താവിന്റെ വചനം ശ്രവിക്കുന്ന (37:4) അസ്ഥികളാണ് മാംസവും ജീവനും വച്ച് എഴുന്നേറ്റു നില്ക്കുന്നത്. ചുരുക്കത്തിൽ, ദൈവാത്മാവും ദൈവവചനവും ഒരുമിച്ചു പ്രവർത്തിക്കുന്നിടത്തൊക്കെ ജീവനുണ്ടാകുന്നു എന്നു സാരം.

ഈശോയെ മറിയം ഗർഭം ധരിച്ചത് ദൈവാത്മാവാലാണ്. ഈ മനുഷ്യാവതാരത്തെക്കുറിച്ച് യോഹന്നാൻ പറയുന്നത് വചനം മാംസം ധരിച്ചുവെന്നാണ്. ദൈവാത്മാവിന്റെയും ദൈവവചനത്തിന്റെയും പ്രവർത്തനം ഒരുമിച്ചു സംഭവിക്കുമ്പോഴാണ് ദൈവപുത്രൻ രൂപമെടുക്കുന്നത്. ബനഡിക്ട് പാപ്പാ പറയുന്നു: "കന്യകാമറിയത്തിന്റെ ഉദരത്തിൽ വചനം മാംസമാകാൻ പ്രവർത്തിച്ച അതേ അരൂപിതന്നെയാണ് തന്റെ ദൗത്യത്തിൽ ഉടനീളം യേശുവിനെ നയിച്ചത്. തന്റെ ശിഷ്യന്മാർക്ക് വാഗ്ദാനം ചെയ്തതും ഈ അരൂപിയെത്തന്നെയാണ്. പ്രവാചകന്മാരിലൂടെ സംസാരിച്ച അതേ അരൂപിതന്നെയാണ് ദൈവവചനം പ്രഘോഷിക്കുകയെന്ന അവളുടെ ദൗത്യം നിർവഹിക്കാൻ തിരുസഭയ്ക്ക് പ്രചോദനം നല്കുന്നതും. അപ്പസ്തോലന്മാരുടെ സുവിശേഷപ്രചാരണത്തിൽ അവർക്കു പ്രചോദനമാകുന്നതും വിശുദ്ധലിഖിതങ്ങളുടെ രചനയിൽ ഗ്രന്ഥകാരന്മാർക്ക് പ്രചോദനമായിരുന്നതും ഈ അരൂപി തന്നെയാണ്" (വെർബും ദോമിനി, 15). വിശുദ്ധലിഖിതം മനസ്സിലാക്കാൻ "പ്രാവിന്റെ

കണ്ണുകൾ'' നമുക്കാവശ്യമാണെന്ന റിച്ചാർഡ് ഓഫ് സെന്റ് വിക്ടറിന്റെ വാക്കുകൾ നമുക്കു ധ്യാനിക്കാം.

ദൈവാത്മാവിന്റെ സഹായത്തോടെ ദൈവവചനം വായിക്കുമ്പോഴാണ് നമ്മിൽ ജീവൻ നിറയുന്നത്, നമ്മിൽ ക്രിസ്തു രൂപപ്പെടുന്നത്. ഇതിനുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടത്. ഈ കാര്യത്തിൽ നമുക്ക് വഴികാട്ടിയായി നില്ക്കുന്നതാണ് പരിശുദ്ധ പിതാവിന്റെ പുതിയ അപ്പസ്തോലിക ആഹ്വാനം. അതിന്റെ പേര് 'കർത്താവിന്റെ വചനം' (വെർബും ദോമിനി) എന്നാണ്. ഈ ലേഖനത്തിന്റെ പശ്ചാത്തലം 2008ൽ നടന്ന മെത്രാന്മാരുടെ സിനഡായിരുന്നു. അതിൽ ഞാനും പങ്കെടുത്തിരുന്നു. സഭാജീവിതത്തിൽ ദൈവവചനത്തിനുള്ള പങ്കിനെക്കുറിച്ചായിരുന്നു സിനഡ് ചർച്ച ചെയ്തത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാദേശികസഭകൾ വചന പ്രഘോഷണത്തിനും സ്വാംശീകരണത്തിനും സ്വീകരിക്കുന്ന രീതികൾ അവിടെ പങ്കുവയ്ക്കപ്പെട്ടു. കേരളസഭയിലെ പ്രവർത്തനങ്ങളെ സന്തോഷത്തോടെയാണ് മെത്രാന്മാർ ശ്രവിച്ചത്. പ്രത്യേകിച്ച്, ലക്ഷക്കണക്കിന് ആൾക്കാർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് അവർക്കൊരു വിസ്മയമായിരുന്നു.

സിനഡിലെ നിർദ്ദേശങ്ങളെ സ്വാംശീകരിച്ചുകൊണ്ടുള്ള മനോഹരമായൊരു ലേഖനമാണ് 'കർത്താവിന്റെ വചനം'. ദൈവവചനത്തോടു നമുക്കുണ്ടായിരിക്കേണ്ട സമീപനത്തിന്റെ മാർഗ്ഗരേഖയാണിത്. അതുകൊണ്ടുതന്നെ നമ്മൾ ഇതിനെ ഗൗരവമായി പഠിക്കുകയും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യണം. ഈ ലക്ഷ്യത്തോടെയാണ് മെയ് 19, 20 തീയതികളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പി.ഒ.സി. യിൽവച്ച് ഇതിനെക്കുറിച്ചൊരു ശില്പശാല സംഘടിപ്പിച്ചത്. കേരളത്തിലെ ബൈബിൾ പണ്ഡിതരുടെ വലിയൊരു നിരതന്നെ ആ ശില്പശാലയെ സമ്പന്നമാക്കി. കൂടാതെ രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും ആനിമേറ്റേഴ്സും അതിൽ പങ്കെടുത്തിരുന്നു. ഇനി നമുക്ക് വേണ്ടത് ഈ രേഖയെക്കുറിച്ചുള്ള തുടർപഠനങ്ങളും ചർച്ചകളുമാണ്. രൂപതകളിലും ഇടവകകളിലും അത് നടക്കണം. പോരാ, കുടുംബക്കൂട്ടായ്മകളിലും പ്രാർത്ഥനാഗ്രൂപ്പുകളിലും സംഘടനാമീറ്റിംഗുകളിലുംവരെ ഇത് പഠനവിഷയമാകണം. നമ്മുടെ ഇത്തവണത്തെ ബൈബിൾ വാരാചരണം അതിനുള്ള അവസരമായി മാറട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

മറ്റൊരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ദൈവവചനപ്രചാരണ രംഗത്തുള്ള കേരള കത്തോ

ലിക്കരുടെ കൂട്ടായ്മയാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി. ഏതൊരു കത്തോലിക്കനും ഇതിൽ അംഗമായി ചേരാവുന്നതാണ്. മിനിമം 500 രൂപയെങ്കിലും അടച്ചാൽ ആജീവനാന്ത അംഗമാകാം. അങ്ങ നെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കുപറ്റാനും ഭരണസമിതി യിൽ പങ്കാളിയാകാനും വഴിതെളിയുന്നു. കഴിഞ്ഞവർഷം മാത്രം 725 അംഗ ങ്ങൾ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങ ളായി ചേർന്നു. ഇതിൽ അംഗങ്ങളാകാൻ നിങ്ങളെ ഓരോരുത്തരെയും ഞാൻ സ്വാഗതം ചെയ്യുന്നു. ജൂൺ 12 മുതൽ ജൂലൈ 7 വരെ തീവ്രാംഗത്വദിന ങ്ങളായി നാം ആചരിക്കുകയാണ്. സൊസൈറ്റിയുടെ ജനറൽ ബോഡി യോഗം ജൂലൈ 9 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് പി.ഒ.സി. യിൽവച്ചു നടത്തുന്നതാണ്. ഈ യോഗത്തിലേക്ക് സൊസൈറ്റി അംഗങ്ങളെയെ ല്ലാവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. കഴിഞ്ഞവർഷം തപാൽവഴി യുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന് 198 പേർ ചേർന്നിരുന്നു. ലോഗോസ് ക്വിസിന് 4,83,172 പേർ രജിസ്റ്റർ ചെയ്തു. 2010-ലെ ലോഗോസ് പ്രതിഭ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയാണെന്ന യാഥാർത്ഥ്യം വിദ്യാർത്ഥീ ലോകത്തിനുള്ള ബൈബിൾ സ്നേഹത്തിന്റെ പ്രതീകമായി കണക്കാ ക്കാവുന്നതാണ്. പാഠ്യവിഷയങ്ങൾ പഠിക്കുന്നതോടൊപ്പം ദൈവത്തിന്റെ വചനവും ശ്രദ്ധയോടെ വായിച്ചു ധ്യാനിച്ചു പഠിച്ച് ആചരിക്കുന്ന ശീലം സ്വന്തമാക്കുവാൻ എല്ലാ വിദ്യർത്ഥികളെയും ഞാൻ ക്ഷണിക്കുന്നു.

കോളേജുവിദ്യാർത്ഥികൾക്കായി ദൈവവചന പ്രോഗ്രാമുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ''ദൈവവചനവും സംസ്കാരവും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഒരു സവിശേഷ പശ്ചാത്തലം വിദ്യാലയങ്ങളും യൂണി വേഴ്സിറ്റികളുമാണ്'' എന്നും അജപാലകർ ഈ മേഖലയിൽ സവിശേഷ ശ്രദ്ധ ചെലുത്തണമെന്നുമുള്ള മാർപാപ്പയുടെ ഓർമ്മപ്പെടുത്തൽ (വെർബും ദോമിനി, 111) നാം കാര്യഗൗരവത്തോടെ എടുക്കേണ്ടതാണ്. കോളേജുകളെയും ഹോസ്റ്റലുകളെയും കേന്ദ്രീകരിച്ച് ഇത്തരം മുന്നേറ്റ ങ്ങൾ നടത്താൻ രൂപതാ ഡയറക്ടർമാർ മുൻകൈ എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷം മുതൽ ലോഗോസ് ക്വിസിന് on-line രജി സ്ട്രേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ മെഗാക്വിസിന്റെ വളർച്ചയിലെ നാഴികക്കല്ലാണിത്. വിദേശത്തുള്ള മലയാളികൾക്കും ലോഗോസ് ക്വിസിൽ പങ്കെടുക്കാനുതകുന്ന തരത്തിൽ on-line ക്വിസിനുള്ള സൗകര്യം ഒരുക്കാ നായിരിക്കും നമ്മുടെ അടുത്ത ശ്രമം. On-line registrationന്റെ പ്രാരംഭദശ യിൽ അല്പം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുമെങ്കിലും ക്രമേണ ഇതു വലിയ അനുഗ്രഹമായി ഏവർക്കും അനുഭവപ്പെടും. അതിനാൽ ഈ സംരം ഭത്തോട് അനുഭാവപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടി

കൾക്കായി ഒരു സചിത്ര ബൈബിൾ 'എന്റെ ഈശോ' എന്ന പേരിൽ പുറത്തിറക്കിയിട്ടുണ്ട്. അതിനു പിന്നിൽ പ്രവർത്തിച്ചവരെ ഹൃദയപൂർവക മായി അഭിനന്ദിച്ചുകൊള്ളുന്നു. ചിത്രങ്ങളുടെ അകമ്പടിയോടെ യുള്ള ഈ സംക്ഷിപ്തബൈബിൾ കുട്ടികൾക്ക് സമ്പൂർണ ബൈബിളിലേക്കുള്ള പ്രവേശനകവാടമാകട്ടെ!

ജനുവരി 1, 2 തീയതികളിൽ നടന്ന അഖില കേരള ബൈബിൾ കലോത്സവത്തിലും അഖിലകേരള ബൈബിൾ സഹിത്യമത്സരങ്ങളിലും പങ്കെടുത്തു വിജയികളായ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ! വചനം കല ധരിച്ച ദിനങ്ങളായിരുന്നു അവ. കലാകാരന്മാരുടെയും സാഹി ത്യകാരന്മാരുടെയും ചിന്തകളും ഭാവനകളും വചനവിഹായുസ്സിൽ മേല്ക്കുമേൽ ഉയരട്ടെയെന്നും വചനത്തിന്റെ കലാധാരണത്തിന് ഉപകര ണങ്ങളാകാൻ അവർക്കു കഴിയട്ടെയെന്നും ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ സഭാ ത്മകമായി ബൈബിളിനെ സമീപിക്കാൻ നമുക്ക് പ്രത്യേകം പരിശീലനം നേടാം. 'വെർബും ദോമിനി' സശ്രദ്ധം വായിച്ചു ചർച്ചചെയ്ത് അതിലെ ആശയങ്ങൾ ഉൾക്കൊള്ളാൻ നമുക്കു പരിശ്രമിക്കാം. ബൈബിൾ ഞായ റിനോടനുബന്ധിച്ച് ഇടവകതലത്തിൽ ബൈബിൾ പ്രതിഷ്ഠ, ബൈബിൾ പ്രഭാഷണങ്ങൾ, റാലി, അഖണ്ഡ ബൈബിൾപാരായണം തുടങ്ങിയവ സംഘടിപ്പിക്കുന്നതു നന്നായിരിക്കും. കെ.സി.ബി.സി. ബൈബിൾ കമ്മീ ഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലിമധ്യേയുള്ള പിരിവ് രൂപതാകേന്ദ്ര ത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭാത്മകമായി ബൈ ബിൾ വായിച്ചു ധ്യാനിച്ചു വ്യാഖ്യാനിക്കുകയും പ്രഘോഷിക്കുകയും ജീവിക്കു കയും ചെയ്യുന്ന ശൈലിയിൽ ആഴപ്പെടാൻ ഈ ബൈബിൾ വാരവും ബൈബിൾ ഞായറും നമ്മെ സഹായിക്കട്ടെ!

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. സൂസൈപാക്യം**
**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**
കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ് ചെയർമെൻ

---

**N.B.** ഈ സർക്കുലർ ജൂൺ 12-ാം തീയതി എല്ലാ ദൈവാലയങ്ങളിലും, സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# മതബോധനം

1 **മതബോധനവർഷാരംഭം :** ജൂൺ 5 പുതിയ മതബോധന അദ്ധ്യയനവർഷം ആരംഭിക്കുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹൃദ്യമായ സ്വാഗതം.

2 **അനുമോദന യോഗവും സമ്മാന വിതരണവും :** 2010-11 അദ്ധ്യയന വർഷത്തെ വിവിധ മതബോധന പ്രവർത്തനങ്ങളുടെയും സ്കോളർഷിപ്പ് പരീക്ഷകളുടെയും അടിസ്ഥാനത്തിൽ പ്രശസ്ത വിജയം നേടിയ യൂണിറ്റുകൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള സമ്മാനങ്ങൾ 2011 ജൂലൈ 3 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് രൂപത മതബോധന കേന്ദ്രത്തിൽവച്ച് നൽകുന്നതാണ്. ഏവരെയും ഈ അനുമോദന സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. സമ്മാനാർഹരായ യൂണിറ്റുകൾക്കും, വിദ്യാർത്ഥികൾക്കും അനുമോദനങ്ങൾ. അവർക്ക് പ്രോത്സാഹനം നൽകി സഹായിച്ച യൂണിറ്റ് ഭാരവാഹികൾക്ക് നന്ദി.

NB:- കഴിഞ്ഞ വർഷം ഫൊറോനയിലെ ബെസ്റ്റ് യൂണിറ്റിനുള്ള ട്രോഫികൾ കരസ്ഥമാക്കിയവർ ജൂൺ 5-ന് മുൻപ് പ്രസ്തുത ട്രോഫികൾ മതബോധന കേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

3 **യൂണിറ്റ് സെക്രട്ടറിമാരുടെ സമ്മേളനം :** ജൂൺ 18 ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 2 മണിക്ക് അവസാനിക്കുന്നു. എല്ലാ യൂണിറ്റുകളിലെയും സെക്രട്ടറിമാർ ആ മീറ്റിങ്ങിൽ സംബന്ധിക്കേണ്ട താണ്. അസൗകര്യമുണ്ടെങ്കിൽ പകരം മറ്റൊരാളെ പങ്കെടുപ്പിക്കേണ്ടതാണ്.

4 **പാഠപുസ്തകങ്ങൾ :** പാഠപുസ്തകങ്ങൾ കടമായി നൽകണമെങ്കിൽ ബഹു. വികാരിയച്ചന്മാരുടെയോ, സ്ഥാപനാധികാരിയുടെയോ എഴുത്ത് കൊണ്ടുവരേണ്ടതാണ്. കത്ത് നൽകുന്ന വ്യക്തിയുടെ പേരിലായിരിക്കും കടം കൊടുക്കുക. ജൂലൈ 30-നു മുൻപ് സംഖ്യ നൽകി കണക്ക് തീർക്കേണ്ടതാണ്. അവർക്ക് മാത്രമേ 5% ഡിസ്കൗണ്ട് ലഭിക്കുകയുള്ളൂ. വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. ആവശ്യമായ പുസ്തകങ്ങൾ മാത്രം കൊണ്ടുപോകാൻ ശ്രദ്ധിക്കുക.

5 **രൂപതാതല സ്കോളർഷിപ്പ് റാങ്ക് ജേതാക്കൾ :**

**A) Sunday School : Std IV**

Ist Rank : Chinju Thomas, St. Mary's F. Church, Chalakudy
IInd Rank : Meghana Johny, St. Thomas F., Ambazhakad
IIIrd Rank : Biya George, Prasadavaranadha, Aloor W.

**Std VII**

Ist Rank : Silpa Wilson, St. Joseph's F., Kodakara
IInd Rank : Denitta Davis, St. Mary's F., Chalakudy
IIIrd Rank : Soniya Babu, St. Sebastian's, Thachudaparambu

**B ) Bible Quiz : Std V**

Ist Rank : Navya Varghese, St. Joseph's F., Kodakara
IInd Rank : Austin Justin, Christ Unit, IJK.
IIIrd Rank : Sandra Dony, St. Antony's, Kottat

**Std VI**

Ist Rank : Alok Pallissery, Christ Unit, IJK
IInd Rank : Snehamol Vincent, St. Sebastian's, Thazhekad
IIIrd Rank : Niya Maria Thankachan, St. Mary's, Thazhur

**Std VIII**

Ist Rank : Arsha Anto, St. Joseph's, Oorakam
IInd Rank : Litty Mathew, St. Mary's, Nadavaramba
IIIrd Rank : Anna Kurian, St. Mary's F., Puthenchira

**Std IX**

Ist Rank : Bismin Thomas, St. Mary's, Pulinkara
IInd Rank : Alvina Anto, Our Lady of Dolour's, IJK. W.
IIIrd Rank : Anupama George, St. John Nepumcian F., Parappukara.

**6 25 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകർ**

1 Sr. Prakash CHF, Spirituality Centre, Puthenchira
2 Sr. Sheela Kuriakose CHF, H.F. Convent, Puthenchira
3 Mr. Joby K.D., Kanjirathingal (H), Chendrappinni
4 Miss Eliakutty. P.O, Payappan (H), Thazhoor
5 Mrs. Annies Michel, Chittilappilly Pozholiparambil (H), Kallamkunnu
6 Kochappan C.E., Chakiath House, Kodunga
7 Miss Mercy A.V., Arumpilly C. House, Vynthala
8 P.R. Jose, Pulikottil House, Vallivattam
9 Mr. Joy T.A., Thachuparamban (H), Thachudaparambu
10 Mrs. Elsy Paulson, Aliyath (H), Kuthirathadam
11 Joy P.L. Perepadan (H), Kuthirathadam
12 P.O. Varghese, Puthussery (H), Poovathussery
13 Babu A.D. Arikkatt House, Karoor

7 **50 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകർ**

1 Sr. Dominic Maria SABS. Jai Rani Adoration Convent, Kanakamala

8 **വർഷാരംഭ റിപ്പോർട്ട് & സ്റ്റാഫ് ലിസ്റ്റ് :** പൂർണ്ണമായി പൂരിപ്പിച്ച് ഒരു കോപ്പി ജൂൺ 18-ാം തിയ്യതി സെക്രട്ടറിമാർ സമ്മേളനത്തിന് വരുമ്പോൾ മതബോധനകേന്ദ്രത്തിൽ ഏല്പിക്കുകയും മറ്റൊരു കോപ്പി യൂണിറ്റ് ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

9 **മതാദ്ധ്യാപക സ്കോളർഷിപ്പ് പരീക്ഷ റാങ്കു ജേതാക്കൾ**

| | |
|---|---|
| Ist Rank | : Miss Sheela Paul, HFC., Vellikulangara |
| IInd Rank | : Sr. Teena FCC, LFC. Potta |
| IIIrd Rank | : Mrs. Mercy George Alookaran, St. Mary's F., Chalakudy |
| IVth Rank | : Miss Joona Theresa Johny, Infant Jesus C., Meladoor |
| Vth Rank | : Miss Darlies Davis, Lourde Matha C., Chemmanda |
| VIth Rank | : Mrs. Jolly Rajan, St. Mary's F., Chalakudy |
| VIIth Rank | : Mrs. Alice Varghese, Mary Immaculate, Cheloor |
| VIIIth Rank | : Miss. Saly James, Christ King, Edamuttam |
| IXth Rank | : Mrs. Shiji Jose, St. Antony's Church, Moorkanad |
| Xth Rank | : Mrs. Kochuthressia Thomas, St. Mary's F., Puthenchira |

9 **100% വിജയം :** X-ാം ക്ലാസ്സിൽ 100% വിജയം നേടിയ ചാലക്കുടി മരിയാപുരം ലൂർദ്ദ് മാതാ യൂണിറ്റിന് അഭിനന്ദനങ്ങൾ

## DAILY CATECHISM & MORAL SCIENCE

